# നല്ലവരും നല്ലവരും

എം. എൻ. കാരശ്ശേരി



നല്ലവരും നല്ലവരും

എം. എൻ. കാരശ്ശേരി

(മലയാളം: ഹാസ്യലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Good Friends, a painting by Christian Krohg (1852–1925). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നല്ലവരും നല്ലവരും

നല്ലവനാകുക എളുപ്പമല്ല. അതുകൊണ്ടുതന്നെയാകണം അതൊരു 'നല്ല' കാര്യമാണെന്ന് കാലദേശഭേദമില്ലാതെ ആളുകൾ പറഞ്ഞുപോരുന്നത്.

എന്താണ് നന്മ? ആരാണ് നല്ലവൻ? തുടങ്ങിയ ചോദ്യങ്ങൾ സ്വാഭാവികമായും ഈ സമയത്ത് ഉയർന്നു വരികയായി.

ഇതൊക്കെ നിർവ്വചിച്ചുവെക്കുക എളുപ്പമല്ല. ഇനിയങ്ങനെ നിർവ്വചിച്ചുകളയാം എന്നു വിചാരിച്ചാലോ, മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കാൻ പണി. എന്തിനു വെറുതെ മെനക്കെടുന്നു?

ഈ ലേഖനം അത്തരമൊരു മെനക്കേടിനു തുനിയുന്നില്ല. മറിച്ച് നല്ലവരുമായി ബന്ധപ്പെടുന്ന അത്ര നല്ലതല്ലാത്ത ഒരു കാര്യം ഒന്നു ചൂണ്ടിക്കാട്ടുകമാത്രമേ ചെയ്യുന്നുള്ളൂ.

നന്മ എന്നതിന്റെ നിർവ്വചനം എന്തുതന്നെയാകട്ടെ, അതു ജീവിതത്തിൽ അടിമുടി പുലർത്തുക വിഷമകരമാണെന്ന് ആരും സമ്മതിക്കും. ഇതിന്റെ കൂടെ അതിനേക്കാൾ വിഷമകരമായൊരു കാര്യം ഉണ്ടെന്ന് കാണാം. ആ ചെയ്തത് നന്മയാണെന്ന് മറ്റുള്ളവർ അംഗീകരിച്ചുകിട്ടുക എന്നതാണത്.

നന്മ കണ്ടാൽ തിരിച്ചറിയാനും നല്ല 'നന്മ' വേണം. അത് അംഗീകരിക്കാൻ അതിലും കൂടുതൽ 'നന്മ' വേണം. അത് തുറന്നഭിനന്ദിക്കാനും അറിഞ്ഞാദരിക്കാനും ഒരു സുമനസ്സിന് മാത്രമേ സാധിക്കൂ. ഇക്കാര്യം നല്ല നിശ്ചയമുണ്ടായിട്ടുതന്നെയാണ് 'ചങ്കെടുത്തു കാണിച്ചാൽ ചെമ്പരത്തിപ്പൂവാണെന്നു' ആക്ഷേപിക്കുന്ന ചിലരെക്കുറിച്ച് പഴമൊഴിക്കാർ സങ്കടപ്പെട്ടത്.

ലോകസാധാരണമായൊരു കാര്യം മാത്രമാണിത്. പക്ഷേ, നല്ലവനെന്നു നാലാളെക്കൊണ്ട് പറയിക്കണം എന്ന് വാശിയുള്ള 'നല്ലവരെ' പ്പറ്റിയാണ് ഇവിടെ വിശദീകരിക്കാനുള്ളത്.

ഉള്ളത് പറയണമല്ലോ. ഇക്കൂട്ടർ നല്ലവർ തന്നെയാണ്. നല്ലതു പറയിക്കണം എന്നതിലപ്പുറം അവർക്കു വലിയ സ്വാർത്ഥമൊന്നും കാണാറില്ല. പരോപകാരമനസ്ഥിതി, ത്യാഗബുദ്ധി തുടങ്ങിയ കാര്യങ്ങളിലൊന്നും ആരും അവരെ മുൻകടക്കുകയില്ല.

നല്ലതു പറയിക്കണം എന്ന വിചാരവും ചീത്തയോ?

ആ വിചാരം ചീത്തയല്ലായിരിക്കാം. പക്ഷേ, അതുകൊണ്ടു വന്നുകൂടാറുള്ള കഷ്ടനഷ്ടങ്ങൾ ചില്ലറയല്ല.

ഈ കൂട്ടർക്ക് നല്ലതു ചെയ്യാൻ ആവേശമാണ്. പ്രശ്നങ്ങൾ അവർ അങ്ങോട്ടുചെന്ന് കയ്യേറ്റുകളയും. ഇങ്ങോട്ടുവന്ന് അർത്ഥിക്കുന്ന പ്രശ്നങ്ങളുടെ കാര്യം പറയാനുമില്ല. സമയവും മറ്റു പരിമിതികളും അനുവദിക്കുന്നതിലപ്പുറം ആർക്കെങ്കിലും വല്ലതും ചെയ്യാനൊക്കുമോ? അതൊക്കെ ഓർക്കാൻ നേരമെവിടെ? 'ഈ വന്ന കക്ഷി നമ്മെപ്പറ്റി എന്തു വിചാരിക്കും? എന്ന ഒറ്റ ബേജാറു മാത്രമേ ആ സമയത്തുള്ളൂ. പത്തുപേർക്കു വേണ്ടി സമയം, അദ്ധ്വാനം, ധനം തുടങ്ങിയവ വിഭജിച്ചുപോയതുകൊണ്ട് പറ്റിയതാണ് ഇത്.

ഈ എട്ടുപേരും സ്വാഭാവികമായും ഇയാളെപ്പറ്റി അസന്തുഷ്ടരാകുന്നു. ആ അസന്തുഷ്ടി കുറ്റംപറച്ചിലിലേക്ക് വളരുന്നു. ഉടനെ ഇയാൾ പരാതിപ്പെട്ടുതുടങ്ങുകയായി—ലോകത്തിന്റെ സ്വാർത്ഥം നോക്കൂ. എന്റെ സഹായശീലം കാണാൻ ആർക്കും കണ്ണില്ല. ഞാൻ ഉത്സാഹിക്കാഞ്ഞിട്ടാണോ അതൊക്കെ നടക്കാതെ പോയത്?

അതൊക്കെ കയറി ഏറ്റതെന്തിന് എന്നു ചോദിച്ചാലും ഇയാൾക്ക് ഉത്തരമുണ്ടാകും. എന്നെ ഏൽപിച്ചതെന്തിന്? ഒരാൾ കാര്യം വന്നുപറഞ്ഞാൽ ഒറ്റയടിക്ക് പറ്റില്ലെന്നു പറയാൻമാത്രം ഞാൻ ഹൃദയശൂന്യനല്ല.

അത് ഇയാൾ ഏറ്റില്ലായിരുന്നുവെങ്കിൽ മറ്റു വല്ലവരോടും പറഞ്ഞു നോക്കാമായിരുന്നല്ലോ എന്നാണ് അടുത്ത ചോദ്യമെങ്കിൽ നമ്മുടെ കക്ഷി പിണങ്ങും—എന്നാൽപിന്നെ ആ ആളെ നേരത്തെ അങ്ങേല്പിച്ചാൽ പോരായിരുന്നോ?

നോക്കണേ, ഇയാളുടെ സഹായശീലത്തിനു പരിചയക്കാരെല്ലാം 'ഇര' യായിക്കൊടുക്കണമെന്ന്!

ചില ആളുകൾ പരിചയക്കാരുടെ വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങളൊക്കെ കേറിയങ്ങു നിർവ്വഹിച്ചുകളയും! അതിൽ അയാളുടെ ഇഷ്ടാനിഷ്ടങ്ങളൊന്നും നോക്കുകയില്ല. തന്റെ ഈ 'മുടിഞ്ഞ' സഹായംകൊണ്ട് അയാൾക്ക് ഗുണത്തേക്കാളേറെ പൊറുതിക്കേട് ഉണ്ടായിപ്പോവുന്നുണ്ടോ എന്ന് യാതൊരാശങ്കയുമില്ല.

ഇതേപ്പറ്റി ആരെങ്കിലും ചോദിച്ചാൽ ആൾ വാചാലനാകും. എന്റെ ഇഷ്ടാനിഷ്ടത്തിന് അപ്പുറം എന്റെ സുഹൃത്തുക്കൾക്കാർക്കും ഇഷ്ടാനിഷ്ടങ്ങളൊന്നുമില്ല. കഴിഞ്ഞാഴ്ചതന്നെ...

നാം തടി രക്ഷപ്പെടുത്തേണ്ട നേരം ഇതാകുന്നു!

മറ്റൊരു കൂട്ടം, ചെയ്ത സഹായങ്ങളൊക്കെ നാലാൾ കൂടുന്നേടത്ത് പറഞ്ഞുകളയും. ഇവരുടെ സഹായം വേണ്ടിയിരുന്നില്ല എന്ന് സഹായം കിട്ടിയവന് മാത്രമല്ല, ആ കഥ കേൾക്കേണ്ടിവന്നവനും തോന്നും. ഇതിന്റെയൊക്കെ പിന്നിൽ ആ പാവത്തിന് ആകെക്കൂടി ഒറ്റ സദുദ്ദേശ്യമേയുള്ളൂ. താൻ നല്ലവനാണെന്ന് നാലാളെക്കൊണ്ട് പറയിക്കുക!

ഇത്തരം സംഭാഷണങ്ങളിൽ പലതും ഇവരറിയാതെതന്നെ തികഞ്ഞ പരദൂഷണമായും പരനിന്ദയായും തീരുന്നു. അത്ര 'നല്ലതല്ലാത്ത' ആ കൂട്ടം ഇത് പ്രചരിപ്പിക്കാൻ എളുപ്പമുണ്ട്. സഹായം കിട്ടിയ കഥാപാത്രം ഇതറിയുന്നതോടെ 'നല്ലവന്റെ' ശത്രുവായിത്തീരുന്നു. ആ സദസ്സിനുമുമ്പിൽ നല്ലവൻ 'നല്ല ബഡായിക്കാരനു' മായി. ഒരു നല്ല കാര്യം ചെയ്തതിന്റെ ഫലം എന്തായെന്നു നോക്കൂ!

ഇതിലൊന്നും മറ്റുള്ളവരുടെ കുറ്റമില്ലേ എന്നുചോദിക്കാം. ഉണ്ടാകാം, ഉണ്ട്. പക്ഷേ, അതിനൊക്കെ ഇട കൊടുത്തത് ആര്?

നല്ലത് ചെയ്യാനല്ലാതെ ആ ചെയ്തത് നല്ലതാണെന്ന് വല്ലവരെക്കൊണ്ടും പറയിക്കാൻ നമുക്കാർക്കും ഒരു ബാദ്ധ്യതയുമില്ല. അതൊട്ടും എളുപ്പവുമല്ല. മറ്റുള്ളവർ എന്തു പറയുന്നു എന്നു നോക്കി നടക്കുന്നവൻ ആത്മവത്തയെത്തന്നെയാണ് നിഷേധിക്കുന്നത്. അവനവൻ ചെയ്തതും ചെയ്യുന്നതും നല്ലതാണെന്നു ബോദ്ധ്യമുണ്ടെങ്കിൽ പിന്നെ പരിഭ്രമമെന്തിന്? മറ്റുള്ളവരുടെ വിചാരഗതിയുടെ ചെരിപ്പിന്നനുസരിച്ച് സ്വന്തം 'നന്മ' യുടെ കാലു് മുറിക്കാൻ നിൽക്കുന്നതിലപ്പുറമൊരു വിഡ്ഢിത്തമില്ല. ആളുകൾ ലോകത്തിലെ നന്മയും തിന്മയും തീരുമാനിക്കുന്നത് അവനവന്റെ ഉള്ളിലെ നന്മക്കും തിന്മക്കും അനുസരിച്ചാണ്. നാം നമ്മുടെ ഉള്ളിലെ നന്മതിന്മകൾ അനുസരിച്ച് ലോകത്തെ കാണുന്നു. ആ അളവുകോലിന്നനുസരിച്ച് ആത്മാർത്ഥതയോടെ പ്രവർത്തിക്കേണ്ടുചുമതലയേ നമുക്കുള്ളൂ. നമ്മുടെ നന്മയുടെ മാനദണ്ഡം വല്ലവന്റേയും നാക്കല്ല, നമ്മുടെ മനസാക്ഷിയാണ്.

ഇതൊക്കെ കണ്ടറിഞ്ഞിട്ടാണ് പഴമക്കാർ "ആയിരം കുടത്തിന്റെ വായ മൂടിക്കെട്ടാം, ഒരു മനുഷ്യന്റെ വാ മൂടിക്കെട്ടാനാവില്ലെന്ന്" പറഞ്ഞുവെച്ചത്. മനഃപൂർവ്വമുള്ള കുറ്റംപറച്ചിലുകളെ കാര്യമാക്കാനില്ലെന്ന്. അതേ ശ്വാസത്തിൽ പറയേണ്ട ഒരു കാര്യമാണ് ആളുകളുടെ ഈ 'നന്മ പറച്ചിലുകളെ' ഗണ്യമാക്കേണ്ടതില്ലെന്നത്.

ഈ 'സഹായശീലന്മരോ' ട്ട് ഈ ലേഖനം വ്യക്തമായി അഭ്യർത്ഥിക്കുന്നു:

സർ, നിങ്ങൾ ജനിക്കുംമുമ്പ് ഈ ദുനിയാവ് ഉണ്ടായിരുന്നു. നിങ്ങൾ മരിച്ചുപോയാലും ഈ ദുനിയാവ് ബാക്കി കാണും. ഇവിടത്തെ കാര്യങ്ങളൊക്കെ നിങ്ങളൊരാളില്ലെങ്കിൽ കുളംകോരിപ്പോവുമെന്ന് ദയവുചെയ്ത് വിചാരിക്കരുത്! ദുനിയാവിന്റെ "നടുമദ്ധ്യം" എവിടെയാണെന്ന് നിശ്ചയമില്ല; പക്ഷേ, അതു നിങ്ങളാണെന്ന് തീരെ തോന്നുന്നില്ല.

പറഞ്ഞുനിർത്തുമ്പോൾ ഊന്നേണ്ട കാര്യം ഇതത്രെ:

നന്മ ത്യാഗമാണ്. നാലാളെക്കൊണ്ടു നല്ലവനെന്നു പറയിക്കണമെന്ന വിചാരത്തോടെ നന്മ ചെയ്യുമ്പോൾ ഒരാൾ നന്മയെ പങ്കിലമാക്കുന്നു. അതിന്മേൽ സ്വാർത്ഥത്തിന്റെ കാളിമ പടർത്തുന്നു.

നല്ലവരായ നല്ലവരും നല്ലവരാകാൻ നടക്കുന്ന നല്ലവരും തമ്മിലുള്ള വ്യത്യാസവും ഇവിടെത്തന്നെ.

യുവസാഹിതി കോഴിക്കോട്ട് ജില്ലാ സമ്മേളനസുവനീർ: 1977.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.